# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.4226 | 24/10/16-ൽ മറുപടിക്ക്

### ഫയർഫോഴ്സിന് ആധുനിക രക്ഷാ വാഹനങ്ങൾ

| ചോദ്യം<br>ശ്രീ.എം.സ്വരാജ് | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | നഗരങ്ങളിലെ ഇടുങ്ങിയതും തിരക്കേറിയതുമായ പ്രദേശങ്ങളിൽ തീപിടുത്തം ഉൾപ്പെടെയുള്ള അപകടങ്ങൾ സംഭവിക്കുമ്പോൾ ആധുനികവും വലിപ്പം കുറഞ്ഞതുമായ രക്ഷാ വാഹനങ്ങളുടെ അഭാവം കാരണം ഒട്ടേറെ ബുദ്ധിമുട്ട് ഫയർഫോഴ്സിന് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഇത്തരം ആധുനിക രക്ഷാ വാഹനങ്ങൾ ഫയർഫോഴ്സിന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | ബി) | അഗ്നിശമനരക്ഷാ സേവന വകുപ്പിന് ആവശ്യമുള്ള ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനായി 38.56 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | ഇടുങ്ങിയതും തിരക്കേറിയതുമായ നഗര കേന്ദ്രങ്ങളിൽ ഫയർ & റസ്ക്യൂ സർവ്വീസിന്റെ സേവനം അടിയന്തിരമായി ലഭ്യമാക്കുന്നതിന് സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | സി) | ഇടുങ്ങിയതും തിരക്കേറിയതുമായ നഗര കേന്ദ്രങ്ങളിൽ മിനി ഫയർ സ്റ്റേഷനുകളും സാറ്റലൈറ്റ് ഫയർ സ്റ്റേഷനുകളും സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ